പരിചകളി എന്നീ കലകൾക്ക് പലതവണ അവതരണാവസരങ്ങൾ നൽകുകയും അവയുടെ പ്രാമാണ്യവത്കരണം നടത്തുകയും ചെയ്തിട്ടുണ്ട്. ചില കലകൾക്ക് കളരികളും സംഘടിപ്പിച്ചിട്ടുണ്ട്. കൂടാതെ കേരള സംഗീത നാടക അക്കാദമി, കേന്ദ്ര സംഗീത നാടക അക്കാദമിയുമായി യോജിച്ച് പ്രാചീന കലകളുടെ പ്രോൽസാഹനാർത്ഥം നാടൻ കലോൽസവങ്ങൾ സംഘടിപ്പിക്കാറുണ്ട്. 1981-ൽ തൊടുപുഴ വച്ചും 1984-ൽ പറവൂരിലും പാലക്കാടും വച്ച് ഇത്തരം കലോൽസവങ്ങൾ സംഘടിപ്പിച്ചിട്ടുണ്ട്. ഇതിനുപുറമേ തെയ്യം, കുമ്മാട്ടി, പടയണി, പൂരക്കളി, തിടമ്പുനൃത്തം, കമ്പുമുട്ടിക്കൊട്ട് തുടങ്ങിയ നാടൻ കലാരൂപങ്ങൾ ഫിലിം ചെയ്ത് സൂക്ഷിച്ചിട്ടുണ്ട്.

(സി) മാപ്പിള കലകളുടെ പ്രോൽസാഹനാർത്ഥം കേരള സംഗീത നാടക അക്കാദമിയുടെ ആഭിമുഖ്യത്തിൽ പാലക്കാട്ടുവച്ചു നടന്ന സംഗീതോൽസവത്തിൽ മാപ്പിളപ്പാട്ടുകളും, കൊച്ചിയിൽവച്ച് നടന്ന മാപ്പിള കലോൽസവത്തിൽ മാപ്പിളപ്പാട്ടുകൾ, ഒപ്പന, കമ്പുമുട്ടിക്കൊട്ട് തുടങ്ങിയ കലാരൂപങ്ങളും അവതരിപ്പിക്കുകയുണ്ടായി. മാപ്പിള കലകളോ മറ്റു നാടൻ കലകളോ പഠിപ്പിക്കുവാൻവേണ്ട നടപടി സ്വീകരിക്കുവാൻ വിഷമമാണ്.

മദ്യഷാപ്പുകൾ

535. [738] ശ്രീ. എസ്. ആർ. തങ്കരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മദ്യഷാപ്പുകൾ പ്രവർത്തിക്കുന്നതിന് ദേവാലയങ്ങളിൽനിന്നും വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും നിയമം അനുശാസിക്കുന്ന അകലത്തിന് അയവു വരുത്തി, എക്സംപ്ഷൻ കൊടുക്കുന്ന സമ്പ്രദായം നിലവിലുണ്ടോ ;

(ബി) ഉണ്ടെങ്കിൽ ഇതു പൂർണ്ണമായും നിറുത്തലാക്കാൻ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) എക്സംപ്ഷൻ നൽകുന്നതിന് റവന്യൂ ബോർഡിനു നൽകിയിരുന്ന അധികാരം 1-4-1986 മുതൽ നിർത്തലാക്കിയിട്ടുണ്ട്.

പീരുമേട് താലൂക്കിലെ വ്യാജമദ്യ ഷാപ്പുകൾ

536. [739] ശ്രീ. കെ. കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പീരുമേട് താലൂക്കിൽ വ്യാജമദ്യഷാപ്പുകൾ പ്രവർത്തിക്കുന്നതായി സർക്കാരിന് പരാതി ലഭിച്ചിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ ;

(സി) അന്താരാഷ്ട്ര ടൂറിസ്റ്റ് കേന്ദ്രമായ കുമളിയിൽ സർക്കാർ ഉടമയിൽ ഒരു വിദേശ മദ്യഷാപ്പു തുടങ്ങുവാൻ ഉദ്ദേശമുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) പരാതിയിൻമേൽ മദ്ധ്യമേഖല എക്സൈസ് ഡെപ്യൂട്ടി കമ്മീഷണറെക്കൊണ്ട് അന്വേഷണം നടത്തുകയും നിയമം ലംഘിച്ചവർക്കെതിരെ കേസെടുക്കുകയും ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

(സി) കുമളിയിൽ ഇപ്പോഴത്തെ ഒരു വിദേശമദ്യ ചില്ലറ വിൽപ്പനശാല ഉണ്ട്. സർക്കാർ ഉടമയിൽ ഷോപ്പു തുടങ്ങാൻ ഉദ്ദേശമില്ല.

ഈ വർഷത്തേക്ക് ആവശ്യമുണ്ടായിരുന്ന സ്പിരിറ്റ്

537. [740] ശ്രീ. ലോനപ്പൻ നമ്പാടൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) ഈ വർഷം എത്ര സ്പിരിറ്റ് ആവശ്യമുണ്ടായിരുന്നു ;

(ബി) 28-2-1986-വരെ കിട്ടിയ സ്പിരിറ്റ് എത്ര ;

(സി) ലേലക്കാർക്ക് എത്ര സ്പിരിറ്റ് കൊടുക്കാമെന്ന് വ്യവസ്ഥയുണ്ടോ ;

(ഡി) കള്ളക്കടത്തിൽ കൊണ്ടുവന്നതിന്റെ പേരിൽ എത്ര സ്പിരിറ്റ് പിടിച്ചെടുത്തു ?

ഉത്തരം

(എ) ഈ നടപ്പു ആഗസ്റ്റ്ഹോം വർഷം (ഡിസംബർ 85, നവംബർ 86) ഏകദേശം 150 ലക്ഷം ലിറ്റർ സ്പിരിറ്റ് ആവശ്യമുണ്ട്.

(ബി) 1985-86 ആഗസ്റ്റ്ഹോം വർഷത്തേക്ക് 1985, ഡിസംബർ മുതൽ 86 നവംബർ വരെ) 23.50 ലക്ഷം ലിറ്റർ സ്പിരിറ്റ് ഇതുവരെയായി അനുവദിച്ചിട്ടുണ്ട്.

(സി) ലേലക്കാർക്ക് സ്പിരിറ്റ് കൊടുക്കുവാൻ വ്യവസ്ഥയില്ല എന്നാൽ ചാരായഷാപ്പുകൾക്ക് നിശ്ചയിച്ചിട്ടുള്ള കാട്ടാ ചാരായം കൊടുക്കുവാൻ കരാറിൽ വ്യവസ്ഥയുണ്ട്.

(ഡി) കള്ളക്കടത്തിൽ പിടിച്ച സ്പിരിറ്റിന്റെ വിവരങ്ങൾ ശേഖരിച്ചു വരുന്നു.

Smuggling of Rectified spirit

538. [741] **Dr. A. Subbah Rao** : Will the Minister for Excise be pleased to state :

How many litres of illegal rectified spirit have been seized in Mangalore and Kerala Check Post in Kasaragod District during this year; so far ?

Answer

Only one case involving 1900 litres of spirit was detected in the Kasaragod District during 1985-86.

സ്പിരിറ്റ് കള്ളക്കടത്ത് കേസുകൾ

539. [742] ശ്രീ. കെ. മൂസ്സക്കുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് എക്സൈസ് വകുപ്പുമന്ത്രി സഭയെ മറുപടി നൽകുമോ :

(എ) 1985-86-ൽ സംസ്ഥാനത്ത് സ്പിരിറ്റ് കള്ളക്കടത്തിന് എത്ര കേസുകൾ ചാർജ് ;

(ബി) ആരുടെയെല്ലാം പേരിൽ ?

ഉത്തരം

(എ) 1985-86-ൽ സംസ്ഥാനത്ത് 14 സ്പിരിറ്റ് കള്ളക്കടത്ത് കേസുകൾ ചാർജ് ചെയ്തിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly